**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 506** **05-10-2021 - ൽ മറുപടിയ്ക്ക്**

**പെട്രോൾ -ജി.എസ്. ടി യുടെ പരിധിയിൽ ഉൾപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോൾ ജി.എസ്.ടി. യുടെ പരിധിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. ടി നിയമമനുസരിച്ച് പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും വിൽപന നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനപ്രകാരം ചുമത്താവുന്ന പരമാവധി നികുതി നിരക്ക് 28% ആണ്. അതിനാൽ പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടിയിൽ ഉൾപ്പെടുത്തണം എന്ന നിർദ്ദേശം ഭീമമായ നികുതി നഷ്ടത്തിന് വഴിയൊരുക്കുന്നതാണ്. |
| (ബി) | പെട്രോൾ, ഡീസൽ എന്നിവയുടെ ക്രമാതീതമായ വില വർദ്ധനവ് തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപന നികുതി 2016-ൽ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനിടയിൽ പെട്രോൾ, ഡീസൽ എന്നിവയുടെ സംസ്ഥാന നികുതി നിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാൽ 06/05/2020-ൽ കേന്ദ്രനികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് കുറയുന്നതാണ്. |

സെക്ഷൻ ഓഫീസർ